"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ഇൻഫോർമന്റ് റിവാർഡ് സിസ്റ്റം & റിപ്പോർട്ടിങ് ഓഫ് ഗാർബേജ് വൾനറബിൾ പോയിന്റ് എന്നിവയ്ക്കായി whatsapp സംവിധാനം - തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഡബ്ല്യൂ.എം) വകുപ്പ്**

സ.ഉ.(സാധാ) നം.196/2024/LSGD തീയതി,തിരുവനന്തപുരം, 23-01-2024

പരാമർശം:-
1. 30/11/2023 ലെ ഇൻഫർമേഷൻ കേരള മിഷന്റെ 4404/E4/2023/IKM നമ്പർ കത്ത്
2. 20/12/2023 ലെ ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 5852/E1/2023/SM നമ്പർ കത്ത്

**ഉത്തരവ്**

പൊതു ഇടങ്ങളുടെ ശുചിത്വം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ സർക്കാർ സ്വീകരിച്ചു വരുന്ന വിവിധ നടപടികളുടെ ഭാഗമായി വാർ റൂം പോർട്ടൽ മുഖേനയുള്ള റിപ്പോർട്ടിങ് ഓഫ് ഗാർബേജ് വൾനറബിൾ പോയിന്റ്, കൂടാതെ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട നിയമലംഘനങ്ങളും സാമൂഹിക വിരുദ്ധ പ്രവർത്തനങ്ങളും തെളിവ് സഹിതം പൊതു ജനങ്ങൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ശ്രദ്ധയിൽ കൊണ്ട് വരുന്നതിനായി ഇൻഫോമെൻറ് റീവാർഡ് സംവിധാനം എന്നീ സൗകര്യങ്ങൾ ഒരുക്കിയിരുന്നു. എന്നാൽ ഈ സംവിധാനങ്ങൾ കൂടുതൽ ഉപയോഗസൗഹൃദമാക്കിയെങ്കിൽ മാത്രമേ കൂടുതൽ ആളുകൾ ഈ സൗകര്യങ്ങൾ ഉപയോഗപ്പെടുത്തുകയുള്ളൂ . നിലവിൽ ജനങ്ങൾ വ്യാപകമായി ഉപയോഗിച്ച് വരുന്ന whatsapp മൊബൈൽ ആപ്ലിക്കേഷൻ മുഖേനയുള്ള റിപ്പോർട്ടിങ് സൗകര്യം സജ്ജമാക്കിയാൽ ആയത് മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട നിയമലംഘനങ്ങൾ റിപ്പോർട്ട് ചെയ്യുന്നതിന് ജനങ്ങൾക്ക് ഏറ്റവും സൗകര്യപ്രദമായ ഒരു പ്ലാറ്റ്ഫോം ആവും.

പരാമർശം 1 പ്രകാരം ഇൻഫർമേഷൻ കേരള മിഷൻ ഇതിനായി പ്രൊപോസൽ ലഭ്യമാക്കുകയും ടി പ്രൊപോസൽ പ്രകാരം പ്രതിമാസം ഒരു ലക്ഷത്തി അറുപത്തി രണ്ടായിരം രൂപ ഏകദേശ ചെലവ് കണക്കാക്കുകയും, മൂന്ന് മാസത്തെ ചെലവ് തുകയായി 4,86,000/- രൂപ (നാലുലക്ഷത്തി എൺപത്താറായിരം രൂപ മാത്രം) ശുചിത്വ മിഷൻ ഇൻഫർമേഷൻ കേരള മിഷന് ലഭ്യമാക്കുന്ന മുറക്ക് whatsapp പ്ലാറ്റ്ഫോമിന്റെ പ്രവർത്തന പരീക്ഷണം ആരംഭിക്കുന്നതാണ് എന്ന് ഇൻഫർമേഷൻ കേരള മിഷൻ അറിയിച്ചു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. whatsapp പ്ലാറ്റ്ഫോമിന്റെ പ്രവർത്തന പരീക്ഷണം ആരംഭിക്കുന്നതിന് മൂന്ന് മാസത്തെ ചെലവ് തുകയായി 4,86,000/- രൂപ (നാലുലക്ഷത്തി എൺപത്താറായിരം രൂപ മാത്രം) ശുചിത്വ മിഷന്റെ IEC ഫണ്ടിൽ നിന്നും ഇൻഫർമേഷൻ കേരള മിഷന് നല്കുന്നതിന് അനുമതി നല്കി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

പ്രീത.കെ.എസ്.
അഡിഷണൽ സെക്രട്ടറി

കോർഡിനേറ്റർ നവകേരളം കർമ്മപദ്ധതി 2
പ്രിൻസിപ്പൽ ഡയറക്ടർ,തദ്ദേശസ്വയംഭരണ വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ,ശുചിത്വ മിഷൻ,തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ,ഇൻഫൊർമേഷൻ കേരള മിഷൻ
ഡയറക്ടർ(I&PRD),വെബ് & മീഡിയ
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
M.k.pradeesh Kumar
Date: 23-01-2024 19:59:27
സെക്ഷൻ ഓഫീസർ

ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ. ക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ. ക്ക്